കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

18(*168) ശ്രീ. സി. കെ. സദാശിവൻ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കേരള ഫീഡ്സിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ :

(സി) കരുനാഗപ്പള്ളിയിൽ ആരംഭിച്ച കാലിത്തീറ്റ പ്ലാന്റിന്റെ ഉൽപ്പാദനശേഷി എത്രയാണ്; ഇപ്പോൾ അവിടെ എത്ര ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) കാലിത്തീറ്റയുടെ വില വർദ്ധനവ് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) തീറ്റപ്പുൽ കൃഷിയുടെ വ്യാപനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(എഫ്) ഇപ്പോൾ എത്ര ഹെക്ടർ പ്രദേശത്താണ് പുൽകൃഷി നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ):

(എ) കാലിത്തീറ്റയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 52 കോടി രൂപ ചെലവിൽ കേരള ഫീഡ്സ് ലിമിറ്റഡ് കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള കാലിത്തീറ്റ ഫാക്ടറിയുടെ പണി പൂർത്തീകരിക്കുന്നു. പ്രസ്തുത ഫാക്ടറിയുടെ ഉത്ഘാടനം ഫെബ്രുവരി 15-ാം തീയതി നടന്നു. കൂടാതെ മിൽമയുടെ ഉടമസ്ഥതയിൽ പാലക്കാട് മലമ്പുഴയിലും ആലപ്പുഴ പട്ടണക്കാടുമുള്ള 300 ടൺ പ്രതിദിന ഉത്പാദന ശേഷിയുള്ള 2 കാലിത്തീറ്റ ഫാക്ടറികളിലെ ഉല്പാദനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരള ഫീഡ്സ് കാലിത്തീറ്റ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കല്ലേറുംകരയിൽ നിലവിലുള്ള ഫാക്ടറിയുടെ പൂർണ്ണ ഉത്പാദനം സാദ്ധ്യമാക്കുന്നതിന് അനുബന്ധ സജ്ജീകരണങ്ങൾ പൂർത്തിയാക്കി ഉത്പാദനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഫാക്ടറി പ്രതിദിനം 300 മെട്രിക് ടൺ കാലിത്തീറ്റ ഉൽപാദിപ്പിക്കാൻ ശേഷിയുള്ളതാണ്. പ്രസ്തുത ഫാക്ടറിയുടെ ഉൽഘാടനം 2011 ഫെബ്രുവരി 15-ാം തീയതി നടന്നു കഴിഞ്ഞു.

(ഡി) കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ ഗുണനിലവാരമുള്ള അസംസ്കൃത പദാർത്ഥങ്ങൾ ലാഭകരമായ രീതിയിൽ ലഭിക്കുന്നതിനും വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) തീറ്റപ്പുൽകൃഷിയുടെ വ്യാപനം കാര്യക്ഷമമാക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളിൽ ലഭ്യമായ സ്ഥലത്ത് തീറ്റപ്പുൽകൃഷി ഊർജ്ജിതപ്പെടുത്തുന്നതിനും ഫോഡർ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അസോള കൃഷി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ കേന്ദ്രസർക്കാർ സഹായത്തോടെ തീറ്റപ്പുൽ കൃഷിക്കാവശ്യമായ വിത്തുകൾ കർഷകർക്ക് സൗജന്യമായി നൽകിവരുന്ന പദ്ധതിയായ ഫോഡർ മിനികിറ്റ് ഡെമോൺസ്ട്രേഷൻ പ്രോഗ്രാം എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. 2009-10 കാലയളവിൽ കേന്ദ്രഗവൺമെന്റിൽ നിന്നും സൗജന്യമായി ലഭിച്ച 40500 കിലോ തീറ്റപ്പുൽ വിത്ത് മൂന്ന് മേഖലാ യൂണിയനുകളിലും ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം ജില്ലയിലുമായി ആവശ്യാനുസരണം സംഘങ്ങളിലെ കർഷകർക്ക് നൽകുകയുണ്ടായി. ഇതിൽ കൂടുതലും ചോളം, മക്കച്ചോളം, സർഗ്ഗം, കൊങ്കോസിഗ്നൽ എന്നീ തീറ്റപ്പുൽ വിത്തുകളായിരുന്നു. തിരുവനന്തപുരം മേഖലായൂണിയൻ-3800 കിലോ എറണാകുളം മേഖലായൂണിയൻ-6000 കിലോ, മലബാർ മേഖലായൂണിയൻ-15040 കിലോ ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം -5760 കിലോ

(എഫ്) മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിൽ ആകെ ലഭ്യമായ 63.32 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടപ്പിലാക്കി വരുന്നുണ്ട്. ഇതുകൂടാതെ മലബാർ മേഖലയിൽ 352.28 ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുകയുണ്ടായി ക്ഷീരവികസന വകുപ്പു മുഖേന 10.78 കോടി രൂപ ചെലവിൽ 12039 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ വ്യാപിപ്പിക്കാനും അതുവഴി 18 ലക്ഷം മെട്രിക്ക് ടൺ തീറ്റപ്പുൽ അധികമായി ഉല്പാദിപ്പിക്കുവാനും കഴിഞ്ഞു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ

19(*169) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. റ്റി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly